"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ഗൈഡ് - തദ്ദേശകം 2020 - അച്ചടിയും വിതരണവും - അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2259/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/10/2019

പരാമർശം:- 1 18.09.2018 ലെ സ.ഉ.(സാധാ) നം. 2456/2018/തസ്വഭവ

2 17.09.2019-ലെ പഞ്ചായത്ത് ഡയറക്ടറുടെ പി-11018/2019-നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി തദ്ദേശകം - 2019 എന്ന പേരിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഗൈഡ് അച്ചടിക്കുന്നതിന് പരാമർശ ഉത്തരവു പ്രകാരം അനുമതി നല്കിയിരുന്നു. തദ്ദേശകം - 2019 പ്രസിദ്ധീകരിച്ച അതേ മാതൃകയിൽ അടുത്ത വർഷത്തേക്ക് തദ്ദേശകം - 2020 എന്ന പേരിൽ പുതിയ ഗൈഡ് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശകം - 2019 പ്രസിദ്ധീകരിച്ച അതേ മാതൃകയിൽ "തദ്ദേശകം-2020 " എന്ന പേരിൽ പുതിയ ഗൈഡ് പ്രസിദ്ധീകരിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

1. തദ്ദേശകം-2020, മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ എല്ലാ കൗൺസിലർമാർക്കും, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി / ഡെപ്യൂട്ടി സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, നഗരസഭ എഞ്ചിനീയർ തുടങ്ങിയവർക്കും എണ്ണത്തിന് അനുസരിച്ച് നഗരകാര്യ ഡയറക്ടറുടെ ശുപാർശ പ്രകാരം അച്ചടിക്കാവുന്നതും കോപ്പി ഒന്നിന് 250/- രൂപ വീതം അതത് കോർപ്പറേഷൻ/നഗരസഭകളിൽ നിന്ന് ഈടാക്കാവുന്നതുമാണ്.
2. കുടുംബശ്രീയുടെ എല്ലാ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കും ഉദ്യോഗസ്ഥർക്കും നൽകുന്നതിനായി കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുന്ന എണ്ണം അച്ചടിക്കാവുന്നതും യഥാർത്ഥ അച്ചടി വിലയിൽ വിതരണം ചെയ്യാവുന്നതുമാണ്.
3. ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും പഞ്ചായത്ത് വകുപ്പിനും ഇതര വകുപ്പുകൾക്കും വിതരണം ചെയ്യുന്നതിനായി പരസ്യമുള്ള 25000 ഗൈഡും പരസ്യമില്ലാത്ത 5000 ഗൈഡും അച്ചടിക്കാവുന്നതാണ്

4. ഗ്രാമപഞ്ചായത്തുകളിലെ അംഗങ്ങൾക്കും , സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്കുമാർ, അക്കൗണ്ടന്റുമാർ എന്നിവർക്കും വിതരണം ചെയ്യുന്നതിന് ഗൈഡൊന്നിന് 250/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും അതത് ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാവുന്നതാണ്.
5. പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ഗൈഡൊന്നിന് 250/- രൂപ വില ഈടാക്കാവുന്നതാണ്.
6. ഫുൾ പേജ്, 1/2 പേജ്, 1/4 പേജ് എന്നിവയുടെ പരസ്യ നിരക്ക് യഥാക്രമം 25,000/-, 15,000/-, 10,000/- എന്നിങ്ങനെ നിശ്ചയിക്കാവുന്നതാണ്.
7. ഗ്രാമവികസന വകുപ്പിനും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ വികസന വകുപ്പ് ആവശ്യപ്പെടുന്ന എണ്ണം ഗൈഡുകൾ അച്ചടിക്കാവുന്നതും അതിന്റെ യഥാർത്ഥ അച്ചടിച്ചെലവ് കണക്കാക്കി ആനുപാതികമായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളിൽ നിന്നും തുക ചെലവഴിക്കാവുന്നതുമാണ്.
8. മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഗൈഡ് ആവശ്യമുള്ള പക്ഷം അവരുടെ ആവശ്യപ്രകാരം ഗൈഡുകൾ അച്ചടിക്കാവുന്നതും അതിനാവശ്യമായ തുക യോഗ്യമായ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതുമാണ്.
9. ഗൈഡിന്റെ അച്ചടി ജോലികൾ ഗ്രാമലക്ഷ്മി മുദ്രാലയത്തെ ഏൽപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ